# ഇത് ചങ്ങലയല്ല; സംരക്ഷണമല്ലേ !

അഡ്വ. ഷെറി ജെ തോമസ് @ 9447200500

അവറാച്ചൻ ഒന്നു ഞെട്ടി. കർക്കിടകത്തിലെ കനത്ത മഴക്കിടയിൽ, ബിസിനസ്സാകെ മോശമായ സമയത്താണ് ആ നോട്ടീസ് കിട്ടിയത്, പിന്നെ എങ്ങനെ ഞെട്ടാതിരിക്കും. അമ്പതിനായിരം രൂപ പിഴ വരെ ഒടുക്കാവുന്ന നോട്ടീസാണ് കിട്ടിയത്. അതും മജിസ്ട്രേറ്റ് കോടതിയിൽ നിന്ന്. അവറാച്ചൻ ആലോചിച്ചു നോക്കി - വൈദ്യുതി ബില്ല, വെള്ളത്തിന്റെ ബില്ല്, കെട്ടിട വാടക, ബിസിനസ്സ് വായ്പാ തിരിച്ചടവ് - എല്ലാം മുടങ്ങാതെ അടക്കുന്നുണ്ട്. എന്നിട്ടും ഒരു പെറ്റിക്കേസിൽ പോലും ഇന്നുവരെ പെട്ടിട്ടില്ലാത്ത് തനിക്ക് മജിസ്ട്രേറ്റ് കോടതിയിൽ നിന്ന് പിന്നെ എന്തിനാണീ നോട്ടീസ് ?

അവറാച്ചൻ പുറത്തിറങ്ങി നോക്കി. വീണ്ടും ഒരു സ്വാതന്ത്ര്യ ദിനത്തിന്റെ ആഘോഷപ്പുറപ്പാടിൽ വഴിയിലൊക്കെ ത്രിവർണ്ണ നിറത്തിലുള്ള കൊടിതോരണങ്ങൾ. അയാൾ ആലോചിച്ചു- ഇതാണോ സ്വാതന്ത്ര്യം? ഇനിയും എത്ര ചങ്ങലകൾ പൊട്ടിക്കാനുണ്ട്.. കഷ്ടപ്പെട്ട് കുടുംബം നോക്കാൻ വായ്പയെടുത്ത് താൻ തുടങ്ങിയ സ്ഥാപനത്തിൽ 11 തൊഴിലാളികളുണ്ട്- 6 സ്ത്രീകളും 5 പുരുഷൻമാരും. അവർക്കു കൃത്യമായി ശമ്പളവും നൽകുണ്ട്. ഇന്നുവരെ ആരും ഒരു പരാതിയും ഉന്നയിച്ചിട്ടില്ല. പള്ളിക്കമ്മിറ്റിയിലും നാട്ടുകാര്യത്തിലുമൊക്കെ സജീവം. എന്നിട്ടിപ്പോൾ മജിസ്ട്രേറ്റു കോടതിയിലെ ഒരു കേസിൽ പ്രതിയായില്ലേ? ഇതാണോ സ്വാതന്ത്ര്യം ? അവറാച്ചന് ദേഷ്യവും സങ്കടവും വന്നു. കാര്യമറിയാൻ പിറ്റെ ദിവസം തന്നെ അവറാച്ചൻ വക്കീലിന്റെയടുത്തെത്തി.

## പുതിയ നിയമം- സംരക്ഷണത്തിന്റെ പുതിയ ചങ്ങലകൾ

അവറാച്ചന് കിട്ടിയ നോട്ടീസ് വാങ്ങി നോക്കിയ വക്കീൽ ഒന്ന് അമർത്തി മൂളി. നിന്നെ തലയുയർത്തി അവറാച്ചനെ നോക്കി പറഞ്ഞു. അങ്ങ് തലസ്ഥാനത്ത് ഡെൽഹിയിൽ ഒരു സ്ത്രീയെ ബസ്സിൽ വച്ച് മാനഭംഗത്തിയ വാർത്ത ഓർമ്മയില്ലേ? ഉവ്വ്; അവറാച്ചൻ തലയാട്ടി. ആ സംഭവത്തിനു ശേഷം നമ്മുടെ രാജ്യത്ത് സ്ത്രീകളുടെ മാനം സംരക്ഷിക്കാൻ പുതിയ ഒരുപാട് നിയമങ്ങൾ വന്നു. കേരളത്തിലും വന്നിട്ടുണ്ട്. നിലവിലെ നിയമത്തിൽ ദേഭഗതികളും വന്നു. ഈ നോട്ടീസ് അത്തരമൊരു പുതിയ നിയമത്തിന്റെ നൂലാമാലയാണെന്ന് വക്കീൽ അവറാച്ചനെ അറിയിച്ചു. എന്ത് നൂലാമാല? അവറാച്ചന് പിന്നെയും ടെൻഷനായി.

ജോലി സ്ഥലങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗീക പീഡനങ്ങൾ തടയാൻ 2013 ഏപ്രിൽ മാസത്തിൽ പുതിയ ഒരു നിയമം വന്നുവെന്ന് വക്കീൽ പറഞ്ഞു. ഇതു കേട്ട് അവറാച്ചൻ അമ്പരന്നു. കഴിഞ്ഞ കുറേ നാളായി പത്രമെടുത്താൽ പീഡനവാർത്തകളാണ്. തനിക്കെതിരെ പീഡനക്കേസോ അയാൾ ഞെട്ടി. വക്കീലു പറഞ്ഞു- പേടിക്കേണ്ട നിങ്ങൾ പിഢിപ്പിച്ചു വെന്ന കേസല്ല, നിങ്ങളുടെ സ്ഥാപനത്തിൽ ഈ നിയമപ്രകാരം ചെയ്യേണ്ട ചില കാര്യങ്ങൾ ചെയ്യാത്തതിന്റെ കേസാണിത്. തന്റേത് തികച്ചും ഒരു സ്വകാര്യ സ്ഥാപനമാണ്, സർക്കാരിന് അങ്ങോട്ട് നികുതി നൽകുന്നതല്ലാതെ ഒരു ആനുകൂല്യവും വാങ്ങുന്നില്ല. പിന്നെ ഈ നിയമത്തുന് തന്റെ ഓഫീസിലെന്ത് കാര്യം..ഇങ്ങനെ പോയി അവറാച്ചന്റെ ചിന്തകൾ. അല്ലെങ്കിൽ തന്നെ ഇത്തരം പുതിയ നിയമങ്ങൾ വരുമ്പോൾ സാധാരണക്കാരായ തന്നെ പോലുള്ളവർ എന്തൊക്കെ ക്രമീകരണങ്ങൾ ചെയ്യണമെന്ന് അറിയിക്കണ്ടേ ! അത് തികച്ചും ന്യായമായ ചോദ്യമാണെന്ന് വക്കീൽ പറഞ്ഞു. "ഇഗ്നറൻസ് ഓഫ് ലോ ഇസ് നോട്ട അൻ എക്സ്ക്യൂസ് ". നിയമം അറിയില്ലായിരുന്നു എന്ന് പറഞ്ഞിട്ടു കാര്യമില്ലെന്ന് .. വക്കീൽ വിശദീകരിച്ചു കൊടുത്തു.

## തൊഴിലിടങ്ങളിലെ പീഡനത്തിനെതിരെ

വളരെ വർഷങ്ങൾക്കു മുമ്പു തന്നെ കോടതിവിധികളിലൂടെ തൊഴിൽ സ്ഥാപനങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. അതിനെ

ത്തുടർന്ന് ഒടുവിൽ വന്ന നിയമമാണ് 2013 ലെ തൊഴിലിടങ്ങളിലെ സ്ത്രീ പീഡന നിയമം. സർക്കാർ സ്ഥാപനമാണെങ്കിലും സ്വകാര്യ സ്ഥാപനമാണെങ്കിലും ഇത് ബാധകമാണ്. സന്നദ്ധ സംഘടനകൾ, സ്കൂൾ, ആശുപത്രികൾ, കളിസ്ഥലങ്ങൾ ഒക്കെ ഈ നിയമത്തിന്റെ പരിധിയിൽ വരും. നേരിട്ടോ, അല്ലാതെയോ താൽക്കാലികമായോ ഒക്കെ ഒരു തൊഴിലുടമയുടെ കീഴിൽ ജോലി ചെയ്യുന്ന ഏതൊരു സ്ത്രീക്കും ഈ നിയമത്തിന്റെ പരിരക്ഷ ലഭിക്കും. ലൈംഗീക ചുവയുള്ള സംസാരം, പെരുമാറ്റം, ആവശ്യപ്പെടൽ, തുടങ്ങി സ്വീകാര്യമല്ലെന്നു സ്ത്രീക്കു തോന്നുന്ന എല്ലാ ലൈംഗീകത കലർന്ന ഇടപെടലുകളും ഇതിന്റെ പരിധിയിൽ വരും. എല്ലാ തൊഴിലിടങ്ങളിലും ആഭ്യന്തര പരാതി സമിതി ഉണ്ടാക്കണം. ജില്ലാ കളക്ടറോ ഡെപ്യൂട്ടി കളക്ടറോ റാങ്കിലുള്ള ഉദ്യോഗസ്ഥനോ എല്ലാ ജില്ലകളിലും പ്രാദേശിക പരാതി സമിതികൾ സ്ഥാപിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. 10 തൊഴിലാളികളിൽ കുറവുള്ള സ്ഥാപനങ്ങളിൽ നിന്നുള്ള പരാതികൾ നേരിട്ട് ഈ പ്രാദേശിക സമിതികൾക്ക് നൽകണം.

## തൊഴിലുടമ എന്തു ചെയ്യണം

ഓരോ പുതിയ നിയമവും അത് നടപ്പാകുന്നതിന് ബന്ധപ്പെട്ട കേന്ദ്രങ്ങൾ ചെയ്യേണ്ട പ്രവർത്തികളെക്കുറിച്ച് പറയാറുണ്ട്. അത് പരസ്യ പ്രസിദ്ധീകരണങ്ങളിലൂടെയും മറ്റും ജനങ്ങളെ അറിയിക്കാനുള്ള ബാധ്യത ഭരണകൂടത്തിനുണ്ട് എങ്കിലും നിയമം അറിഞ്ഞില്ല എന്നു പറയുന്നത് ഒരു ഒഴിവുകഴിവല്ല. ഈ നിയമപ്രകാരം പത്ത് തൊഴിലാളികളിൽ കുറവല്ലാത്ത (സ്ത്രീകൾ ഉൾപ്പെടെ) ആളുകൾക്ക് ജോലി നൽകുന്ന എല്ല തൊഴിലുടമകളും " ആഭ്യന്തര പരാതി സമിതി " ക്ക് രൂപം നൽകേണ്ടതുണ്ട്. ജോലിക്കാർക്കിടയിലുള്ള ഒരു മുതിർന്ന സ്ത്രീയായിരിക്കണം ഈ സമിതിയുടെ അധ്യക്ഷ. തൊഴിലിടങ്ങളിൽ തന്നെയുള്ള വ്യക്തികളോ അല്ലെങ്കിൽ സാമൂഹിക സേവനത്തിലോ നിയമത്തിലോ പരിജ്ഞാനമുള്ള വ്യക്തികളോ ആയിരിക്കണം സമിതിയിലെ മറ്റ് അംഗങ്ങൾ. അംഗങ്ങൾ ചുരുങ്ങിയത് രണ്ടു പേരെങ്കിലും ഉണ്ടാകണം. ഒരാൾ സന്നദ്ധ സംഘടനകളുമായോ, സ്ത്രീ സംരക്ഷണ വിഷയങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നയാൾ ആയിരിക്കണം. ആകെ അംഗങ്ങളിൽ പകുതി വനിതകളായിരിക്കുകയും വേണം. സമിതിക്ക് ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തി നടപടിയെടുക്കണം. കള്ളപ്പരാതികളാണെങ്കിൽ പരാതിക്കാർക്കെതിരെയും കള്ള സാക്ഷി നൽകുന്നവർക്കെതിരെയും നിയമപ്രകാരം നടപടിയെടുക്കാൻ ശുപാർ ചെയ്യാം. അതുകൂടാതെ വാർഷിക റിപ്പോർട്ട് ജില്ലാ ഓഫീസർക്ക് സമർപ്പിക്കുകയും വേണം.

## അമ്പതിനായിരം രൂപ വരെ പിഴ

ഈ നിയമപ്രകാരം ആഭ്യന്തര പരാതി സമിതികൾക്ക് രൂപം നൽകിയില്ലെങ്കിലോ, പരാതികളിൽ അന്വേഷണം നടത്തിയില്ലെങ്കിലോ, വാർഷിക റിപ്പോർട്ട് നൽകിയില്ലെങ്കിലോ 50000 രൂപ വരെ പിഴ ഈടാക്കാം. വീണ്ടും കുറ്റം ആവർത്തിച്ചാൽ പിഴ ഇരട്ടിയാകാം. ഇത്തരം കേസുകൾ പോലീസിന് നേരിട്ട് എടുക്കാനാകില്ല. പീഡനത്തിന് ഇരയായ ആരുടെയങ്കിലും പരാതിയിലോ ആഭ്യന്തര പരാതി സമിതികളുടെയോ പ്രാദേശിക സമിതികളുടെയോ നിർദ്ദേശപ്രകാരം നൽകുന്ന പരാതികളിൽ മാത്രമാണ് നടപടിയെടുക്കാനുകകയുള്ളൂ.

## ഇത് ചങ്ങലയല്ല... സംരക്ഷണമാണ്..

മുണ്ട്. പുതിയ നിർവ്വചനമനുസരിച്ച് വളരെ വിപുലമായ രീതിയിലാണ് പീഡനം എന്ന പദം തന്നെ ഉപയോഗിച്ചിട്ടുള്ളത്. ജോലി സ്ഥലങ്ങളിൽ സംരക്ഷണം നൽകാൻ ഈ നിയമം പര്യാപ്തമാണ്. ബ്ലാക്ക്മെയിൽ ചെയ്യാൻ നൽകിയിരിക്കുന്ന കള്ളപ്പരാതിക്കാർക്കെതിരെയും, കള്ള സാക്ഷികൾക്കെതിരെയും നടപടിയെടുക്കുന്ന കാര്യത്തിൽ കർക്കശ വകുപ്പുകളുണ്ട് എന്നത് ഈ നിയമത്തിന്റെ പ്രത്യേകതയാണ്. സാധാരണ സ്ത്രീ പീഡന നിയമങ്ങളിൽ കാണുന്നതിനു വ്യത്യസ്ഥമായി , ദുരുപയോഗക്കാർക്കെതിരെ നടപടിയെടുക്കാനുള്ള സ്വാതന്ത്ര്യവും ഇതിനെ വേർ തിരിച്ചു നിർത്തുന്നു. അതുകൊണ്ടു തന്നെ ഈ നിയമം തൊഴിലുടമകൾക്കെതിരെയുള്ള ചങ്ങലയല്ല, പീഡിതർക്കായുള്ള സംരക്ഷണമാണ്.